പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3098 07/11/2019-ൽ മറുപടിക്ക്

## കെ-ടെറ്റ് യോഗ്യത ഇല്ലാത്തതിന്റെ പേരിൽ വാർഷിക ഇൻക്രിമെന്റ് തടയൽ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.ഒ.ആർ. കേളു: | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) 2012 ന് മുൻപ് മറ്റ് സർക്കാർ വകുപ്പുകളിൽ ജോലിക്ക് പ്രവേശിക്കുകയും 2016 ൽ സർക്കാർ എൽ.പി സ്കൂളിൽ അധ്യാപകരായി ജോലിയിൽ പ്രവേശിക്കുകയും ചെയ്ത ആളുകൾക്ക് കെ-ടെറ്റ് യോഗ്യത ഇല്ലാത്തതിന്റെ പേരിൽ അവർക്ക് ലഭിച്ചുകൊണ്ടിരുന്ന വാർഷിക ഇൻക്രിമെന്റ് തടയാൻ ഉള്ള ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ: | (എ) കെ-ടെറ്റ് യോഗ്യത നേടാതെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുകയോ ഇൻക്രിമെന്റ് അനുവദിക്കുകയോ ചെയ്യാൻ പാടില്ല എന്ന പൊതുനിർദ്ദേശം 18-6-19-ലെ എച്ച്.3/30197/2016/ഡി.ജി.ഇ നമ്പർ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകിയിട്ടുണ്ട്. ആയത് അനുബന്ധം 1 ആയി ചേർക്കുന്നു |
| (ബി) ഇപ്പോൾ സർവീസിൽ ഉള്ള അധ്യാപകർക്ക് മാത്രമായി കെ-ടെറ്റ് പരീക്ഷ നടത്തുന്ന കാര്യം സർക്കാർ അനുഭാവപൂർവം പരിഗണിക്കുന്നുണ്ടോ? | (ബി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

5|

അനുബന്ധം - 1

എച്ച്3/30197/2016/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി. 18.6.2019.

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർ
എല്ലാ ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ.

സർ ,

വിഷയം;- പൊ.വി - 31.3.2019 നുള്ളിൽ കെ-ടെറ്റ് യോഗ്യത നേടാത്ത ജീവനക്കാരുടെ
ശമ്പളം നൽകുന്നത് സംബന്ധിച്ച സ്പഷ്ടീകരണം - സംബന്ധിച്ച്.

സൂചന;- 8.3.2019 ലെ സ.ഉ(കൈ) നം.33/19/പൊ.വി.വ.

*****

സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 2018-19
വർഷം വരെ നിയമിതരായ അദ്ധ്യാപകരിൽ കെ-ടെറ്റ് യോഗ്യത നേടാത്തവർക്ക് കെ-ടെറ്റ്
യോഗ്യത നേടുന്നതിന് 31.3.2019 വരെ സമയം അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ ഈ
കാലയളവിൽ കെ-ടെറ്റ് യോഗ്യതയില്ലാതെ നിയമനം അംഗീകരിക്കപ്പെട്ടവർ 31.3.2019 നകം അത്
നേടിയില്ലെങ്കിൽ അവരുടെ ശമ്പളം തടയണമെന്ന തരത്തിലുള്ള സർക്കാർ നിർദ്ദേശങ്ങൾ ഒന്നും
തന്നെ ഇതുവരെ ഉണ്ടായിട്ടില്ല. ആയതിനാൽ സർക്കാർ നിർദ്ദേശങ്ങൾ ഉണ്ടാകുന്നതിന് മുമ്പ്
ഇക്കാര്യത്തിൽ അദ്ധ്യാപകരുടെ ശമ്പളം തടയരുതെന്ന് പ്രഥമാദ്ധ്യാപകർക്ക് കർശന നിർദ്ദേശം
നൽകേണ്ടതാണ്. എന്നിരുന്നാലും കെ-ടെറ്റ് യോഗ്യത നേടാതെ പ്രൊബേഷൻ ഡിക്ലയർ ചെയ്യു
കയോ ഇൻക്രിമെന്റ് അനുവദിക്കുകയോ ചെയ്യാൻ പാടില്ല എന്നുള്ള വിവരംകൂടി അറിയിക്കുന്നു.

വിശ്വസ്തതയോടെ

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

ജെ.എൻൽ